**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5126** **04-07-2024 - ൽ മറുപടിയ്ക്ക്**

**അധ്യാപകരുടെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകൾ ജില്ല, വിഭാഗം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | എൽ.പി. യു.പി., എച്ച്.എസ്.ടി വിഭാഗങ്ങളിലെ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br><br>ഹയർ സെക്കൻഡറി വിഭാഗത്തിലെ നിയമനം സംസ്ഥാന തലത്തിൽ ആയതിനാൽ ടി വിഭാഗം അദ്ധ്യാപകരുടെ ഒഴിവുകളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത അധ്യാപകരുടെ ഒഴിവുകൾ നികത്താൻ എന്തു കൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വിശദമാക്കുമോ; | (ബി) | 2024 ലെ പ്രതീക്ഷിത വിരമിക്കൽ ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകളിൽ നിയമനാനുസൃതമുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2024 ജൂൺ മുതൽ ഉണ്ടായ ഒഴിവുകളിൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിന് ശേഷം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ മാറ്റി നിയമിച്ച ശേഷം ബാക്കി വരുന്ന ഒഴിവുകൾ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ നിയമനം, പ്രൊമോഷൻ എന്നിങ്ങനെ വിഹിതം ചെയ്ത് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. **പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി) വിഭാഗത്തിൽ ബാച്ച് ഷിഫ്റ്റിംഗ് മുഖേനയും കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് മുഖേനയും തസ്തികകളിൽ മാറ്റം വരുന്നതിനാൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ** |

| | | | |
|---|---|---|---|
| | | | **പൂർത്തിയായി തസ്തികകളുടെ എണ്ണം കൃത്യമായതിനുശേഷം മാത്രമേ ഒഴിവുകൾ നികത്താൻ സാധിക്കുകയുള്ളൂ.**<br><br>**പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി) വിഭാഗത്തിൽ** നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ തസ്തികയിലെ 40 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 14 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2024 ലെ പ്രതീക്ഷിത വിരമിക്കൽ ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകളിൽ നിയമനാനുസൃതമുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2024 ജൂൺ മുതൽ ഉണ്ടായ ഒഴിവുകളിൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിന് ശേഷം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ മാറ്റി നിയമിച്ച ശേഷം ബാക്കി വരുന്ന ഒഴിവുകൾ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ നിയമനം, പ്രൊമോഷൻ എന്നിങ്ങനെ വിഹിതം ചെയ്ത് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. **പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി) വിഭാഗത്തിൽ ബാച്ച് ഷിഫ്റ്റിംഗ് മുഖേനയും കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് മുഖേനയും തസ്തികകളിൽ മാറ്റം വരുന്നതിനാൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായി തസ്തികകളുടെ എണ്ണം കൃത്യമായതിനുശേഷം മാത്രമേ ഒഴിവുകൾ നികത്താൻ സാധിക്കുകയുള്ളൂ.**<br><br>**പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി) വിഭാഗത്തിൽ** നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ തസ്തികയിലെ 40 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 14 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

| ജില്ല | എൽ.പി.എസ്.റ്റി | യു.പി.എസ്.റ്റി | എച്ച്.എസ്.റ്റി | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 258 | 156 | 168 | **582** |
| കൊല്ലം | 98 | 76 | 86 | **260** |
| പത്തനംതിട്ട | 56 | 28 | 35 | **119** |
| ആലപ്പുഴ | 52 | 36 | 103 | **191** |
| കോട്ടയം | 47 | 43 | 52 | **142** |
| ഇടുക്കി | 45 | 58 | 71 | **174** |
| എറണാകുളം | 71 | 65 | 68 | **204** |
| തൃശ്ശൂർ | 91 | 92 | 120 | **303** |
| പാലക്കാട് | 87 | 49 | 189 | **325** |
| മലപ്പുറം | 234 | 154 | 346 | **734** |
| കോഴിക്കോട് | 91 | 98 | 188 | **377** |
| വയനാട് | 26 | 22 | 77 | **125** |
| കണ്ണൂർ | 45 | 81 | 91 | **217** |
| കാസർഗോഡ് | 127 | 111 | 222 | **460** |
| ആകെ | **1328** | **1069** | **1816** | **4213** |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം - II

| വിഷയം | എച്ച്.എസ്.എസ്.റ്റി | എച്ച്.എസ്.എസ്.റ്റി ജൂനിയർ |
|---|---|---|
| ഗണിതം | 63 | 49 |
| ജ്യോഗ്രഫി | 8 | 17 |
| ഹിസ്റ്ററി | 45 | 19 |
| പൊളിറ്റിക്കൽ സയൻസ് | 36 | 39 |
| സോഷ്യൽവർക്ക് | 6 | 0 |
| ഫിസിക്സ് | 11 | 14 |
| കെമിസ്ട്രി | 26 | 60 |
| ഇംഗ്ലീഷ് | 87 | 0 |
| മലയാളം | 53 | 6 |
| ഇക്കണോമിക്സ് | 38 | 79 |
| സ്റ്റാറ്റിസ്റ്റിക്സ് | 10 | 4 |
| ഹിന്ദി | 18 | 40 |
| അറബിക് | 3 | 39 |
| തമിഴ് | 0 | 5 |
| ഉറുദു | 0 | 2 |
| ജിയോളജി | 2 | 0 |
| കമ്പ്യൂട്ടർ സയൻസ് | 28 | 16 |
| സുവോളജി | 27 | 50 |
| കൊമേഴ്സ് | 29 | 32 |
| ബോട്ടണി | 7 | 33 |
| സോഷ്യോളജി | 10 | 14 |
| കന്നട | 0 | 2 |
| ഗാന്ധിയൻ സ്റ്റഡീസ് | 5 | 0 |
| റഷ്യൻ | 0 | 1 |
| സംസ്കൃതം | 1 | 13 |
| ജേണലിസം | 7 | 0 |
| ആന്ത്രപോളജി | 1 | 0 |
| സൈക്കോളജി | 5 | 2 |
| ഫിലോസഫി | 2 | 0 |
| ഇസ്ലാമിക് ഹിസ്റ്ററി | 2 | 0 |
| ഹോം സയൻസ് | 1 | 0 |
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | 46 | 0 |

സെക്ഷൻ ഓഫീസർ

## അനുബന്ധം III

| ജില്ല | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 1 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 4 |
| കൊല്ലം | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 0 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 2 |
| പത്തനംതിട്ട | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 0 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 1 |
| ആലപ്പുഴ | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 0 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 1 |
| കോട്ടയം | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 0 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 5 |
| എറണാകുളം | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 1 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 7 |
| ഇടുക്കി | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 1 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 6 |
| തൃശ്ശൂർ | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 3 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 5 |
| മലപ്പുറം | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 19 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 8 |
| പാലക്കാട് | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 2 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 7 |
| കോഴിക്കോട് | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 11 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 1 |
| വയനാട് | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 9 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 2 |
| കണ്ണൂർ | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 6 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 15 |
| കാസർഗോഡ് | നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ | 1 |
| | നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ | 13 |

സെക്ഷൻ ഓഫീസർ